# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1717 - 18/06/2012-ലെ മറുപടിക്ക്

കേരള സ്വയം സംരംഭക വികസന മിഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ :<br>ഡോ. കെ.ടി.ജലീൽ :<br>ശ്രീ. കെ.കുഞ്ഞിരാമൻ(ഉദുമ) :<br>ശ്രീ. വി.ചെന്താമരാക്ഷൻ : | | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | കേരള സ്വയം സംരംഭക വികസന മിഷൻ സംസ്ഥാനത്ത് ഒരു ലക്ഷം പ്രത്യക്ഷ തൊഴിലവസരങ്ങളും അഞ്ചു ലക്ഷം പരോക്ഷ തൊഴിലും ഉറപ്പാക്കുമെന്ന് വിഭാവനം ചെയ്തിട്ടുണ്ടോ; | ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ ഇതിനകം ചെലവാക്കിയത് എത്രയാണെന്ന് വ്യക്തമാക്കുമോ; | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്ന വായ്പയുടെ പലിശ സബ്സിഡി ഇനത്തിൽ ഉപയോഗിക്കുന്നതിനായി 9,89,12,500/- രൂപയും മിഷന്റെ ചെലവുകൾക്കും മറ്റുമായി 10,00,00,000/- രൂപയും 2011 –12 സാമ്പത്തിക വർഷം സർക്കാർ കേരള ഫിനാൻഷ്യൽ കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 25 കോടി രൂപ ആവശ്യാനുസരണം അനുവദിക്കുന്നതാണ്. |

| | | |
|---|---|---|
| (സി) | പദ്ധതികളുടെ ഗുണഭോക്താക്കളെ ഏത് മാനദണ്ഡത്തിലാണ് തെരഞ്ഞെടുത്തത്; ഇതിനകം തെരഞ്ഞെടുക്കപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ; | 21-നും 40-നും ഇടയ്ക്ക് പ്രായമുള്ള, തൊഴിൽ രഹിതരായ, മികച്ച ആശയങ്ങളുള്ള, വ്യവസായം നടത്തി മുൻപരിചയമില്ലാത്ത യുവതീയുവാക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, വിധവകൾക്ക് 45 വയസ്സുവരെ അപേക്ഷിക്കാം. പ്ലസ് ടു, വൊക്കേഷണൽ കോഴ്സുകളാണ് യോഗ്യത. 2 മുതൽ 5 വരെ പേർ അടങ്ങിയ ഗ്രൂപ്പുകളായി ആണ് അപേക്ഷിക്കേണ്ടത്. സാങ്കേതികവിദഗ്ദ്ധർക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. വിദഗ്ദ്ധർ അടങ്ങുന്ന ജില്ലാതല സെലക്ഷൻ കമ്മിറ്റി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും അപേക്ഷകരുമായി അഭിമുഖം നടത്തുകയും, ഇതിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നാലാഴ്ച നീണ്ടു നിൽക്കുന്ന പരിശീലനം നൽകുകയും ചെയ്യുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കായിരിക്കും ലോണിന് അർഹത. ആദ്യ ബാച്ചിലെ പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഇതിനകം എത്ര പേർക്ക് പരിശീലനം നൽകുകയുണ്ടായി ; പരിശീലനം ലഭിച്ച എത്ര പേർക്ക് കെ.എഫ്.സി. പലിശരഹിത വായ്പ | ആകെ 816 പേരെ പരിശീലനത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. അതിൽ 450 പേർ പരിശീലനം പൂർത്തിയാക്കി. പരിശീലനം പൂർത്തിയാക്കിയ ഗ്രൂപ്പുകൾ സമർപ്പിക്കുന്ന അപേക്ഷ കെ.എഫ്.സി, ബാങ്കുകളിൽ സമർപ്പിക്കുകയും സംരംഭകർക്ക് വായ്പ |

| | | |
|---|---|---|
| | ലഭ്യമാക്കുകയുണ്ടായി; എത്ര സംരംഭങ്ങൾ നിലവിൽ വരുകയുണ്ടായി; ഇവരുടെ പലിശ ഇനത്തിൽ സർക്കാർ എന്തു തുക കെ.എഫ്.സി ക്ക് നൽകുകയുണ്ടായി എന്നതിന്റെ വിശദാംശം നൽകാമോ ? | ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. ഇതിനകം 55 സംരംഭങ്ങളുടെ അപേക്ഷകൾ അതാത് ബാങ്കുകളിൽ അയച്ചു കൊടുക്കുകയുണ്ടായി. ഇതിൽ 22 സംരംഭങ്ങൾക്ക് തത്വത്തിൽ അനുമതി നൽകിക്കഴിഞ്ഞു. സംരംഭങ്ങൾ നിലവിൽ വരുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. മിഷന്റെ പലിശ സബ്സിഡി ഉൾപ്പെടെയുള്ള ചിലവുകൾക്കായി ഇതിനകം 19,89,12,500/- രൂപ കെ.എഫ്.സി ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ